Research Paper ISSN-2455-0736 (Print)
Peer Reviewed Journal ISSN-2456-4052 (Online)

# മലയാളകവിത : അപചയത്തിന്റെ നാൾവഴികൾ

**Dr. Bettymol Mathew**

Assistant Professor,Dept.of.Malayalam,HHMSPBNSSCollege for women,Neeramankara-Trivandrum
*drbettymol.mathew@gmail.com*

## സംഗ്രഹം (Abstract)

**'എന്താണു കവിത'? എന്ന ചോദ്യം എന്നത്തേക്കാളും പ്രസക്തിനേടിക്കൊണ്ട് ആസ്വാദകർക്കു മുന്നിലെത്തി നിൽക്കുന്ന ഒരു കാലത്തിന്റെ ഒഴിവാക്കാനാവാത്ത ആവശ്യമെന്ന നിലയിലാണ് കവിതാസംബന്ധിയായ ഉത്കണ്ഠകളെ വായനക്കാർക്കു മുന്നിൽ അവതരിപ്പിക്കുന്നത്. പുതിയകാലം തുറന്നിടുന്ന വിനിമയ സാധ്യതകളിൽ, തിരമൊഴിയുടെ ജാലകങ്ങളിൽ കവിതയെന്ന ലേബലിൽ നിരങ്ങിനീങ്ങുന്ന വികൃതരൂപങ്ങൾ മലയാള കവിതയുടെ തുടർച്ചയോ ഇടർച്ചയോ എന്നു വിലയിരുത്തപ്പെടേണ്ടതുണ്ട്. ശ്രേഷ്ഠപദവിയുടെ ആലസ്യത്തിൽ മയങ്ങിയിരിക്കുന്ന സാംസ്കാരിക സമൂഹവും അക്കാദമിക് പണ്ഡിതരും കഴിഞ്ഞ കാൽനൂറ്റാണ്ടുകൊണ്ട് മലയാളകവിതയെന്ന പേരിൽ വിറ്റഴിക്കപ്പെടുന്ന ഉൽപ്പന്നത്തെ ഉത്തരവാദിത്വത്തോടെ വിലയിരുത്തുന്നതിൽ കുറ്റകരമായ അനാസ്ഥയാണു പ്രകടിപ്പിച്ചിട്ടുള്ളത്. സർവ്വകലാശാലകളുടെ പാഠപുസ്തകസമിതികൾ മുതൽ ആധുനികാനന്തര നിരൂപകർ വരെ ഈ പ്രതിഭാസത്തിനു നൽകിയ സംഭാവനകളും ചെറുതല്ല. ഇതു കവിതപെരുകുന്ന കാലമാണെന്നും സമൂഹം അസ്വസ്ഥമാകുമ്പോഴാണു കവിതപെരുകുന്നതെന്നും മറ്റും ഉപരിപ്ലവമായ നിരീക്ഷണങ്ങൾ നിരത്തി പരീക്ഷണങ്ങൾക്കെല്ലാം സാധുത നൽകുന്ന പോഷകവിമർശകരായി അക്കാദമിക സമൂഹം മാറുമ്പോൾ പെരുകുന്നതു കവിതയാണോ ? എന്ന ഗുരുതരമായ പ്രശ്നം ചർച്ചകളിൽ നിന്നും ബഹിഷ്കൃതമാവുകയാണ്. സോഷ്യൽ മീഡിയയിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം മുപ്പത്തിനാലായിരത്തിലധികം കവികൾ മലയാളികൾക്കിടയിലുണ്ടത്രേ ! കുഞ്ഞുകുട്ടിപ്പരാധീനങ്ങളുൾപ്പെടെ മൂന്നരക്കോടിയോളം ജനങ്ങൾ മാത്രമുള്ള ഒരു നാട്ടിൽ ഈ കണക്കുപ്രകാരം വായനയിലും മറ്റും വ്യാപരിക്കുന്ന പത്തുശതമാനത്തിൽ പത്തിലൊരാൾ കവിയാണ്. അതിലും വലിയ മറ്റൊരു ദുരന്തവും ഒരു ഭാഷയ്ക്കു നേരിടാനില്ലാ എന്നു സാമാന്യബുദ്ധിയുള്ള ആർക്കും ഉറപ്പിച്ചു പറയാനാവും.**

### ചരിത്രവഴികൾ

മലയാളത്തിലെ പ്രൗഢകൃതികൾ രൂപപ്പെട്ടുവരുന്നത് കൃത്യമായും രണ്ടു ക്ലാസിക് പാരമ്പര്യങ്ങളോടുള്ള ആധമർണ്ണ്യത്തിൽ നിന്നുമാണ്. തമിഴും സംസ്കൃതവുമാണ് അവ. ആദ്യകാലകവിതയിൽ ഈ ആധമർണ്ണ്യത്തിന്റെ തുടർച്ച രണ്ടു വ്യത്യസ്ത കൈവഴികളായിത്തന്നെ നിലനിന്നു. താളക്രമങ്ങളിൽ ചിട്ടപ്പെടുത്തിയ വൃത്തവിശേഷങ്ങളുമായി പാട്ടും സംസ്കൃതവൃത്തക്രമങ്ങൾ തുടരുന്ന മണിപ്രവാളവും. ഈ രണ്ടുധാരകളുടെയും സമ്പന്നതയെ ഇണക്കിച്ചേർത്തതിലൂടെയാണ് എഴുത്തച്ഛൻ ചിരസ്മരണീയനായത്. അതായത് പാട്ടിന്റെ ഗാനാത്മകതയെയും മണിപ്രവാളത്തിന്റെ ഭാഷാപ്രൗഢിയെയും വിളക്കിച്ചേർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആ ഭാഷയാണു മലയാളകവിതയുടെ ക്രമക്കണക്കായി പിന്നീടു പരിണമിച്ചത്. കാലാകാലങ്ങളിൽ ഈ രണ്ടുധാരകൾ തമ്മിലുള്ള ഇടയലും കലരലും ഇടകലർന്നമരലുമൊക്കെ കവിതയുടെ വൈവിധ്യസമ്പന്നതയ്ക്കുള്ള ഹേതുവായിത്തീർന്നു.

### കവിത പദസംഘാതം മാത്രമോ ?

എല്ലാ ഭാഷയിലെയും കവികെട്ടുവിദ്യയിൽ ചില വ്യവസ്ഥാക്രമങ്ങൾ നിലനിൽക്കുന്നുണ്ട്. ഇതാണ് വൃത്തവ്യവസ്ഥയെന്നു പൊതുവെ പറയാം. ഒരുദിവസം കൊണ്ടോ ഏതെങ്കിലുമൊരു വ്യക്തിയുടെ ഏകാന്ത പരിശ്രമത്താലോ ലാക്ഷണികന്റെ കണിശതയുടെ മൂശയിലോ രൂപപ്പെടുന്നതല്ല ഈ ക്രമക്കണക്ക്. ഓരോ സമൂഹത്തിന്റെയും ജീവിതക്രമവും പ്രകൃതിബോധവും വിനിമയ പ്രക്രിയയുമെല്ലാമായി ആഴത്തിൽ ബന്ധമുള്ള സംസ്കാരമുദ്രകളുടെ ആന്തരിക ധാരയാണത്. മനുഷ്യവർഗ്ഗത്തിന്റെ ദീർഘചരിത്രവുമായി തട്ടിച്ചുനോക്കുമ്പോൾ പദബദ്ധമായ ഭാഷയുടെ ചരിത്രം ഹ്രസ്വമാണ്. എന്നാൽ അതിനുപൂർവ്വഗാമിയായി ഒരു വിനിമയപ്രക്രിയ നിലനിന്നിരിക്കും എന്നതു വ്യക്തവുമാണ്. മനുഷ്യശിശുവിൽ ഭാഷ ഇടംനേടുന്നതിനു മുമ്പുതന്നെ കുഞ്ഞിനും അമ്മയ്ക്കുമിടയിൽ സമർത്ഥമായ ഒരു വിനിമയം നിലനിൽക്കുന്നുണ്ട്. ജൂലിയ ക്രിസ്റ്റേവ 'ചിഹ്നാത്മകം' എന്നു വിളിച്ച ഈ വിനിമയ ക്രിയയുടെ അധിഷ്ഠാനത്തിലാണ് ഭാഷയുൾപ്പെടെയുള്ള വിവിധ വിനിമയശേഷികളുടെ സൗധം

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ഉയരുന്നത്. ഭാഷാർജ്ജനത്തിനു മുമ്പ് അമ്മയ്ക്കും കുഞ്ഞിനുമിടയിൽ ഉടലെടുക്കുന്നതും സഫലവുമായ വിനിമയ രീതിയെ പ്രേരണകളുടെ സ്ഥാപിത ക്രമീകരണമായി ക്രിസ്റ്റേവ വിവരിക്കുന്നു. ഇത് അബോധത്തിന്റെ ആരംഭവും ആഴങ്ങളുമാണ്. ഈ പ്രേരണകൾ ഭാഷാർജ്ജനത്തിലൂടെ നശിക്കുന്നില്ല. അബോധമായി കുടികൊള്ളുന്ന ഇവ താളങ്ങളിലൂടെ സ്വരഭേദങ്ങളിലൂടെ തിരിച്ചുവരുന്നു. വ്യക്തിയുടെ രൂപീകരണപ്രക്രിയയ്ക്കു സമാനമായ ഘടകങ്ങൾ സമൂഹരൂപീകരണത്തിലുമുണ്ട്. സമൂഹമനസ്സിന്റെ അബോധത്തിൽ കുടികൊള്ളുന്ന ഭാഷാപൂർവ്വമായ വിനിമയ ശേഷിയുടെ തിരുശേഷിപ്പുകളാണ് സവിശേഷമായ താളക്രമമായും വൃത്തവ്യവസ്ഥയായും സ്വരഭേദങ്ങളായും സ്വരസമാനതകളായും ഊന്നലുകളായും കാവ്യഭാഷയിൽ കുടികൊള്ളുന്നത്. കവിതയുടെ ഭാവുകത്വരൂപീകരണത്തിൽ, സർഗ്ഗാത്മക വിനിമയത്തിൽ, വികാരാഭിസംക്രമണത്തിൽ ഇവയുടെ പങ്ക് വളരെ വലുതാണ്. പദം അർത്ഥത്തിന്റെ പരിസരങ്ങളിൽ കുടുങ്ങുമ്പോൾ അർത്ഥത്തിലൊതുങ്ങാത്ത കവിതയുടെ പ്രഭാവത്തെ 'ചിഹ്നാത്മകം' അടയാളപ്പെടുത്തുന്നു. ഏകീകരണത്തെ സാധൂകരിക്കാൻ പദാർത്ഥ സംബന്ധം ശ്രമിക്കുമ്പോൾ അനേകത്വത്തെ രൂപീകരിക്കുന്ന ആന്തരികശക്തിയായി ഈ പദേതര ഘടകങ്ങൾ വർത്തിക്കുന്നു. ക്രമാനുഗതവും അർത്ഥപൂർണ്ണവുമായ സൂചനാഘടകങ്ങളായി ഇവ കാവ്യഭാഷയെ സമ്പന്നമാക്കുന്നു.

*(ജൂലിയ ക്രിസ്റ്റേവ, കാവ്യഭാഷയിലെ വിപ്ലവം 1976.പുറം 101-115 )*

അതുകൊണ്ടുതന്നെ ഗാനാത്മകത നിറഞ്ഞ താളസമ്പന്നമായ ദ്രാവിഡവൃത്തങ്ങളോ അക്ഷരക്രമത്തെ അടിസ്ഥാനമാക്കുന്ന സംസ്കൃതവൃത്തങ്ങളോ ഏതെങ്കിലുമൊരു വ്യക്തിയിൽ നിന്നോ സമുദായത്തിൽ നിന്നോ രൂപമെടുത്തതല്ല. നമ്മുടെ വൃത്തവിശേഷങ്ങളെല്ലാം തെക്കേയിന്ത്യക്കാരായ ദ്രാവിഡ ജനതയുടെ ജീവിതസ്പന്ദങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ഗാനാത്മകതയുടെയും താളാവബോധത്തിന്റെയും നറുവെണ്ണയാണ്. ഇതിനേറ്റവും നല്ല തെളിവാണ് മലയാളത്തിലെ പ്രഥമകൃതിയെന്നു കരുതുന്ന രാമചരിതത്തിലെ ഈരടികളും പ്രസിദ്ധമായൊരു മലയാള ചലച്ചിത്രഗാനത്തിലെ ഈരടികളും പുലർത്തുന്ന താളൈക്യം.

'നായികേ അമുതം നിറൈന്തഴകാർപോലങ്ങളോടുവെൺ നവനിലാമതികലകൾ
പത്തിനൊടൊളികിളർന്നതുതരമെന്നിൽ'

*( രാമചരിതം 1283 ാം പാട്ട് )*

'കായലരികത്തു വലയെറിഞ്ഞപ്പം വളകിലുക്കിയ സുന്ദരീ
പെണ്ണുകെട്ടിനു കുറിയെടുക്കുമ്പോളൊരു നറുക്കിനു ചേർക്കണേ'

നൂറ്റാണ്ടുകൾക്കുമുന്നേ മലയാളകവിതയിൽ നിലനിന്ന ഒരു താളക്രമമാണ് ഇരുപതാം നൂറ്റാണ്ടിലെ ചലച്ചിത്രഗാനത്തിൽ പുനർജ്ജനിച്ചത്.

സമാനമാണ് സംസ്കൃതവൃത്തങ്ങളുടെ കാര്യവും.
കാട്ടാളനായ കവിയിൽ നിന്നും യാദൃച്ഛികമായി പുറപ്പെട്ടതെന്നു വിശ്വസിക്കുന്ന ആദിശ്ലോകം അനുഷ്ടുപ്പ് വൃത്തമാണ്.

" മാനിഷാദ പ്രതിഷ്ഠാം ത്വ
മഗമ ശാശ്വതീ സമാ :
യത് ക്രൗഞ്ചമിഥുനാദേക
മവധീ കാമമോഹിതം"

മുക്കുവനായ മഹാകവി കൃഷ്ണദ്വൈപായനൻ രചിച്ച മഹാഭാരതത്തിലെ പ്രഥമശ്ലോകവും അനുഷ്ടുപ്പിന്റെ വടിവിലാണ്.

" നാരായണം നമസ്തുഭ്യം
നരം ചൈവ നരോത്തമം
ദേവീം സരസ്വതീം ചൈവ
നതോ ജയം ഉദീരയേ"

ഇവരുടെ പിൻഗാമികളിൽ അഗ്രഗണ്യനായ കാളിദാസന്റെ രഘുവംശ മഹാകാവ്യത്തിന്റെ ആദിശ്ലോകവും ഇതേ വൃത്തമാണ്.

" വാഗർത്ഥാവിവ സംപൃക്തൗ
വാഗർത്ഥ പ്രതിപത്തയേ
ജഗത: പി തരൗവന്ദേ
പാർവ്വതീ പരമേശ്വരൗ"

ഇതെല്ലാം തെളിയിക്കുന്നത് ഈ വൃത്തം നൂറ്റാണ്ടുകളിലൂടെ സംസ്കൃതകാവ്യങ്ങളിൽ കുടിയിരുന്നുവെന്നാണ്.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ഇതരവൃത്തങ്ങളുടെയും ചരിത്രം സമാനമാണ്.

ഏതുഭാഷയിലായാലും കവിതയെന്ന രൂപത്തിന്റെ ജീവരസമാണ് വൃത്തം. മലയാളത്തിലെ പ്രമുഖകവികളെല്ലാം ഈ വസ്തുത അറിഞ്ഞവരുമാണ്. ഓരോ ഭാഷയുടെയും ഈ വൃത്തഘടന പരിഭാഷയ്ക്ക് ആർജ്ജിക്കാനാവാത്തതിനാലാണ് പരിഭാഷയിൽ ചോർന്നുപോകുന്നതെന്തോ അതാണു കവിതയെന്ന് റോബർട്ട് ഫ്രോസ്റ്റിനു വിലപിക്കേണ്ടിവന്നത്. ഈ പരിമിതിയെ അതിജീവിച്ച പരിഭാഷകൾ ഏറെയില്ല. എങ്കിലും ലക്ഷ്യഭാഷയിലെ *(Target Language)* അനുയോജ്യമായ ഒരു വൃത്തവ്യവസ്ഥയിലേക്ക് സ്രോതഭാഷയിലെ *(Source Language)* കവിതയെ പ്രതിഷ്ഠിച്ചവർ ഒരു സംസ്കാരത്തെ മറ്റൊരു സംസ്കാരത്തിലേക്ക് സന്നിവേശിപ്പിച്ചവരാണ്. റോബർട്ട് ഫ്രോസ്റ്റിന്റെ വരികൾക്ക് കടമ്മനിട്ട നൽകിയ വിവർത്തനം തന്നെ ഇതിനു നല്ല ഉദാഹരണമാണ്. ഫ്രോസ്റ്റ് 'ഇയാംബിക് പെന്റാമീറ്ററിൽ' 'Stopping by Woods in a Snowy Evening' എന്നകവിതയിൽ ഇപ്രകാരം എഴുതി.

Woods are lovely dark and deep
But I have promises to keep
And miles to go before I sleep
And miles to go before I sleep"

ഈ വരികൾ കടമ്മനിട്ട പരിഭാഷപ്പെടുത്തിയത് പഞ്ചചാമരത്തിലാണ്.

"മനോഹരം മഹാവനം ഇരുണ്ടഗാധമെങ്കിലും
അനേകമുണ്ടു കാത്തിടേണ്ട മാമക പ്രതിജ്ഞകൾ
അനക്കമറ്റു നിദ്രയിൽ ലയിപ്പതിന്നു മുമ്പിലായ്
എനിക്കതീവ ദൂരമുണ്ടവിശ്രമം നടക്കുവാൻ"

ഫ്രോസ്റ്റിനെപ്പോലും അതിശയിപ്പിക്കുന്ന തർജ്ജമ. ഇതിത്രയും ഗംഭീരമായത് വൃത്തനിർണ്ണയത്തിലെ കൃത്യത കൊണ്ടാണ്.

ജയദേവന്റെ ഗീതഗോവിന്ദത്തെ ദ്രാവിഡവൃത്തത്തിന്റെ ഗാനാത്മകതയിലേക്കു പറിച്ചുനട്ട ചങ്ങമ്പുഴയും കാളിദാസന്റെ ശാകുന്തളത്തെയും മേഘസന്ദേശത്തേയും സമാനമായ രീതിയിൽ ദ്രാവിഡവൃത്തങ്ങളിലേയ്ക്കാനയിച്ച തിരുനെല്ലൂർ കരുണാകരനുമെല്ലാം സംസ്കാരത്തെയാണു പരിഭാഷപ്പെടുത്തിയത്.

**ഇംഗ്ലീഷ് സ്വാധീനം**

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനം മലയാളകവിതയുടെ ഭാവുകത്വത്തെ നവീകരിച്ചു. എന്നാൽ ഇംഗ്ലീഷ് സ്വാധീനത്തിൽ ഉത്ഭവംകൊണ്ട കാല്പനികതാ പ്രസ്ഥാനത്തിലെ കവികളെല്ലാം വൃത്തവ്യവസ്ഥയിൽ മലയാളത്തിന്റെ ചട്ടക്കൂടിനെ സർവ്വാത്മനാ സ്വീകരിച്ചു. കാല്പനികതയുടെ പ്രോദ്ഘാടകനായ ആശാൻ സംസ്കൃത വൃത്തവും ദ്രാവിഡവൃത്തവും ഒരേ അനായാസതയിൽ കൈകാര്യം ചെയ്തു. കാല്പനികതയുടെ സൗന്ദര്യം കണിക്കൊന്നപോലെ പൂത്തുലഞ്ഞതു ചങ്ങമ്പുഴയിലാണ്. ഗാനാത്മകത്വത്തിൽ വാക്കിന്റെ വെണ്ണ നിവേദിച്ച ചങ്ങമ്പുഴ കവിതയിലെ നിത്യവിസ്മയമായി. വാക്കിന്റെ കരുവിനെ വൃത്തത്തിന്റെ കളങ്ങളിലേക്ക് സൂക്ഷ്മമായി നീക്കി കളിച്ച വൈലോപ്പിള്ളി കാലാതീതമായ അനുഭൂതിപ്രപഞ്ചം സൃഷ്ടിച്ച് മലയാളിയുടെ മനസ്സിൽ കുടിയിരുന്നു. ആധുനികത വരെയെത്തുന്ന കവിതാചരിത്രത്തിൽ ഇടം നേടിയവരെല്ലാം പദത്തിൽ കുടിയിരിക്കുന്ന നരനേയും വൃത്തമുൾപ്പെടെ പദേതരമായ എല്ലാ കാവ്യാംശങ്ങളിലും കുടികൊള്ളുന്ന നാരിയേയും സ്വാംശീകരിച്ചവരാണ്. കവിത അർദ്ധനാരീശ്വരത്വം കൈവരിക്കുന്നത് കേവലമായ പദബന്ധത്തിലല്ലാ പദഘടനയെ കേവലത്വത്തിൽ നിന്നും ഭാവുകത്വത്തിലേക്കുയർത്തുന്ന പദേതര ഘടകങ്ങളുടെ സന്നിഹിതത്വത്തിലാണ്. ഭാഷണത്തിന്റെ കേവലാർത്ഥത്തെ തകർത്ത് നിരവധിയായ അർത്ഥമാനങ്ങളിലേക്കും ധ്വനിപരതയിലേക്കും നയിക്കുന്ന ഊർജ്ജപ്രവാഹമാണത് എന്ന വസ്തുത അവർ അറിഞ്ഞിരുന്നു.

**ആധുനികതയും മലയാളകവിതയും**

ഇംഗ്ലീഷ് സ്വാധീനത്തിൽ മലയാളകവിതയിലുരുത്തിരിഞ്ഞ രണ്ടാം തരംഗമാണ് ആധുനികത. വൃത്തം, താളം, സ്വരഭേദം, ഊന്നൽ തുടങ്ങി പദേതരമായ ഘടകങ്ങളോടുള്ള നിഷേധം ഭാവുകത്വവ്യതിയാനത്തിന്റെ അടയാളമായി അക്കാദമിക ചർച്ചകളിൽ മൂർത്തമാവുന്നത് ആധുനികതയിലാണ്. അവിടം മുതൽ കവിത പദങ്ങളുടെ കല്ലേറായി പരിണമിച്ചു തുടങ്ങി. യഥാർത്ഥത്തിൽ മലയാളത്തിലെ ആധുനികത പടിഞ്ഞാറൻ ആശയങ്ങളുടെ ആശ്ലേഷത്തിൽ രൂപംകൊണ്ട ഒരു ഭാവനാപരിസരമായിരുന്നു. കവിത അക്കാദമിക സമൂഹത്തിന്റെ കളിപ്പാവയായി പരിണമിക്കുന്നതും അവിടം മുതലാണ്.

ആധുനികതയുടെ പ്രോദ്ഘാടകൻ എന്നു വിളികൊണ്ട അയ്യപ്പപ്പണിക്കർ ഉൾപ്പെടെയുള്ള നല്ലൊരു വിഭാഗം

ISSN-2455-0736 (Print)
ISSN-2456-4052 (Online)

അക്കാദമിക് പണ്ഡിതരായിരുന്നു. അവരാകട്ടെ പടിഞ്ഞാറൻ ആധുനികതയുടെ സിദ്ധാന്തവഴികൾ മനസ്സിലാക്കി അതിനനുസരിച്ച് പരീക്ഷണങ്ങൾ നടത്താൻ പുറപ്പെട്ടവരുമായിരുന്നു. 'കറുത്ത ചിരിയുടെ കവി' എന്ന പുസ്തകത്തിൽ ഡോ. സാമുവൽ കാട്ടുകല്ലി ൽ പറയുന്നു "നിലവിലുള്ള കാവ്യസമ്പ്രദായങ്ങളോടു പൊരുത്തപ്പെടാനാവാതെയാണ് അയ്യപ്പപ്പണിക്കർ ആധുനികതയടെ സങ്കേതങ്ങൾ കണ്ടെത്തിയത്" *(പുറം 1.1999)*. അദ്ദേഹം പൂർവ്വികമായ ക്ലാസിക് പാരമ്പര്യത്തിൽ നിന്നും ഊർജ്ജം ആവാഹിച്ചു എന്നും കൂട്ടിച്ചേർക്കുന്നു. ഈ ഊർജ്ജാവാഹനത്തിന് തെളിവായി ചേർക്കുന്നത് കുരുക്ഷേത്രത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്ന ഗീതാശ്ലോകവും ചില കവിതകളിലെ ഗർഭവാക്യങ്ങളും *(Paranthesis)* ചില പ്രമേയങ്ങളുമാണ്. ക്ലാസിക്കുകൾ ഉദ്ധരിച്ചാൽ പാരമ്പര്യത്തിന്റെ ആവാഹനമാകില്ല. ഒരു കാവ്യപാരമ്പര്യത്തെ സ്വാംശീകരിക്കണം. അതിൽ ഏറ്റവും പ്രധാനമാ ണ് വൃത്തമുൾപ്പെടെയുള്ള പദേതരഘടകങ്ങൾ. എന്നാൽ ആ പാരമ്പര്യത്തെ നല്ലൊരളവിൽ തിരസ്കരിക്കുകയും ആ തിരസ്കാരത്തെ ന്യായീകരിക്കാൻ സിദ്ധാന്തങ്ങളെ കൂട്ടുപിടിക്കുകയുമാണ് ആധുനികർ ചെയ്തത്. പദബന്ധത്തെയും ബിംബങ്ങളെയുമൊ ക്കെ പുതുക്കിപ്പണിയാനുള്ള പ്രവണത കാലാകാലങ്ങളായി കവിതയെ നവീകരിക്കുന്ന പ്രക്രിയയുടെ ഭാഗമാണ്. ആധുനികതയ്ക്കുമുമ്പു തന്നെ ഇടശ്ശേരി., പി., വൈലോപ്പിള്ളി, അക്കിത്തം, എൻ.വി. കൃഷ്ണവാര്യർ തുടങ്ങിയവരൊക്കെ ആ വഴിയിൽ ഏറെ മുന്നേറിയവരാണ്. എന്നാൽ മലയാളകവിതയുടെ ആത്മാവായ ഗാനാത്മകതയെയും വൃത്തബന്ധത്തെയും താളസമൃദ്ധിയെയും കൈവെടിയാൻ അവർ കൂട്ടാക്കിയില്ല. എന്നാൽ അയ്യപ്പപണിക്കരിൽ തുടങ്ങുന്ന ആധുനികതയിൽ വൃത്തവും താളവുമായുള്ള കവിതയുടെ ജൈവബന്ധത്തിന്റെ വിച്ഛിത്തിയും പദബന്ധത്തിലുൾച്ചേർന്ന ആചമനക്രിയയുമാണ് കവിതയുടെ രൂപഭാവങ്ങളെ അടിമുടി ഉലച്ചത്.

കിഷ്കിന്ധ, കം തകം പാതകം തുടങ്ങിയവപോലുള്ള വികൃത സൃഷ്ടികൾ ദീർഘകാലാടിസ്ഥാനത്തിൽ മലയാളകവിതയെ പ്രതികൂലമായി ബാധിച്ചു. അയ്യപ്പപ്പണിക്കർ മാത്രമല്ല, കവിതയിലെ ഈ പുതിയ വിപ്ലവത്തിനു ചൂട്ടുപിടിച്ചവരെല്ലാം എഴുതിയ ഇത്തരം ഒരൊറ്റക്കവിതപോലും ജനമനസ്സുകളിൽ ഇടംനേടിയില്ല. പക്ഷേ നിരന്തരമുള്ള സൈദ്ധാന്തിക വ്യായാമം കൊണ്ട് അക്കാദമികരംഗത്തെങ്കിലും ഇവർ ഇതാണു കവിതയെന്ന ബോധത്തെ ഊട്ടിയുറപ്പിച്ചു. അതിനുള്ള പ്രധാന കാരണം അവരെല്ലാം അക്കാദമിഷ്യന്മാർ ആയിരുന്നു എന്നതുതന്നെയാണ്. അതുകൊണ്ടുമാത്രം അവ പാഠ്യവസ്തുക്കളായി. അവരുടെ പിൻമുറക്കാരായ അക്കാദമീഷ്യന്മാർ നിർണ്ണയിക്കുന്ന പാഠ്യപദ്ധതിയുടെ ഭാഗമായി ഇന്നും തുടരുന്ന കവിതകൾ വീണ്ടും വീണ്ടും പഠിക്കാൻ വിധിക്കപ്പെടുന്ന വിദ്യാർത്ഥികളും അവരുടെ അദ്ധ്യാപകരും അല്ലാതെ ആരും ഈ കവിതകളെ ഓർമ്മിക്കുന്നില്ല; വായിക്കുന്നില്ല; ഉരുവിടുന്നില്ല. ഈ രീതിയിൽ നിന്നും മാറിനടന്നവരെ പഴഞ്ചന്മാരും കൊള്ളാത്തവരുമായി പാർശ്വവല്കരിക്കുകയെന്നതും ഈ അക്കാദമിക വ്യവഹാരത്തിന്റെ ബാക്കിപത്രമാണ്. ചുരുക്കത്തിൽ ആധുനികത മുന്നോട്ടുവച്ച കാവ്യസംസ്കാരം ഒരു അക്കാദമിക വിഷയമായി ചുരുങ്ങി. കവിത ജനങ്ങളിൽ നിന്നും അകന്നു. ആധുനികതയുടെ പാതയൊരുക്കാൻ വന്ന പ്രവാചകനെന്നു വിളികൊണ്ട എം.ഗോവിന്ദന്റെ പാഷാണപ്പാട്ടുകൾ എന്നേ മറവിയുടെ ആഴങ്ങളിൽ പതിച്ചു. ആധുനിക രചനകളിൽത്തന്നെ മലയാളകവിതയുടെ ചട്ടക്കൂടിനെ സ്വീകരിച്ചവ മാത്രമാണ് ഇന്നും വായനയുടെ ഭാഗമായി ഓർമ്മയിൽ തങ്ങിനിൽക്കുന്നത്. അയ്യപ്പപ്പണിക്കരുടെ ഗോപികാദണ്ഢകം, പുരൂരവസ്, കടമ്മനിട്ടയുടെ ശാന്ത, കുറത്തി, കിരാതവൃത്തം, കാട്ടാളൻ, കക്കാടിന്റെ സഫലമീയാത്ര, സുഗതകുമാരിയുടെ ഗജേന്ദ്രമോക്ഷം, കൃഷ്ണ നീയെന്നെയറിയില്ല, രാത്രിമഴ, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ മാനസാന്തരം, യാത്രാമൊഴി, താതവാക്യം, സച്ചിദാനന്ദന്റെ ഇവനെക്കൂടി തുടങ്ങിയവയൊക്കെ വൃത്തത്തിനും താളത്തിനും സ്വരഭേദങ്ങൾക്കും സ്വരപ്പകർച്ചകൾക്കുകെമല്ലാം ഇടം നൽകിയവ തന്നെയാണ്.

ചങ്ങമ്പുഴ ശൈലിയെ തിരസ്കരിക്കാൻ തുനിഞ്ഞവർ കാവ്യവിഷയകമായുള്ള തങ്ങളുടെ പരിമിതികളിലേക്ക് മലയാളകവിതയെ വെട്ടിച്ചുരുക്കുകയായിരുന്നു. വൃത്തനിഷ്ഠ പാലിക്കാനുള്ള കെല്പില്ലായ്മയെ മിറകടക്കാൻ വൃത്തഭംഗവും വൃത്തനിരാസവുമാണു ഫാഷനെന്നു പ്രചരിപ്പിച്ചു. പദസമ്പത്തിലും പദസംയോജനത്തിലും തങ്ങൾക്കുണ്ടായിരുന്ന ദാരിദ്ര്യത്തെ ന്യായീകരിക്കാൻ കവിതയുടെ പദവിന്യാസത്തിൽ നിഷ്കർഷകളൊന്നും വേണ്ടെന്നു സിദ്ധാന്തിച്ചു. ചുരുക്കത്തിൽ കാവ്യഭാഷ കേവലത്വത്തിലേക്ക് ഒതുങ്ങി, ഭാവുകത്വത്തിലേക്കുള്ള പരിണാമം നിലച്ചു. "കാല്പനികതയുടെ രൂപഭാവങ്ങളെ നിരസിച്ച ആധുനികത പുരുഷകേന്ദ്രിത വീക്ഷണത്തെ സർവ്വാത്മനാ സ്വീകരിക്കുകയും അതിൽ ഏറെ മുന്നോട്ടുപോകുകയും ചെയ്തുവെന്നു കാണാനാകും. പ്രണയം, വിരഹം, പ്രവാസം, രതി, മൃതി, അസ്തിത്വം, സ്വാതന്ത്ര്യം തുടങ്ങിയ എല്ലാ മനുഷ്യാനുഭവങ്ങളും ആധുനികതയിൽ ഇതൾ വിരിക്കുന്നത് പുരുഷന്റെ വീക്ഷണപരിധിയിലാണ്. ആധുനികതയെ ഒരാഘോഷമായി കൊണ്ടാടിയ അക്കാദമിക വിമർശനം ഈ യുക്തിബോധത്തെ ആദർശവല്കരിക്കുകയും സാധൂകരിക്കുകയുമാണ് ചെയ്തത്" *(ഡോ.ബെറ്റിമോൾ മാത്യു, കടമ്മനിട്ടയുടെ കവിതകൾ ഒരു സ്ത്രീപക്ഷ വായന : പുറ: 15, 2013).* അതോടൊപ്പം അത് *(സർഗ്ഗാത്മകരചനയും വിമർശനവും)* ലൈംഗികതയെ ആണിനു കീഴ്പ്പെടുത്തലും

ISSN-2455-0736 (Print)
ISSN-2456-4052 (Online)

പെണ്ണിനു വിധിക്കപ്പെട്ട കീഴടങ്ങലുമായി പരിവർത്തിപ്പിച്ചു. പുരുഷകേന്ദ്രിത രതിയുടെ ആക്രമണഭാവം കവിതയുടെ വഴികളിലെത്തുന്നതും ആധുനികതയിൽ കാണാം.

"ഉണ്ടൊരു തുള്ളിച്ചോരയെന്നുടെ ലിംഗാഗ്രത്തിങ്കൽ
കൊണ്ടുപോകുവിനതു കൊണ്ടുപോകുവിൻ നിങ്ങൾ" *(ഉണ്ടൊരു തുള്ളി)*

മലയാളകവിതയെ ബലാത്സംഗം ചെയ്തതിന്റെ ഫലമായ ഈ ചോരത്തുള്ളിയുടെ പിൻതുടർച്ചയാണ് സമകാലികതയുടെ വെബ്ബിൽ 'ആണിറച്ചി'യായും 'ഒന്നു പണിയാൻ തരുമോ ?' എന്ന ചോദ്യമായും 'മുലകളെ ആട്ടിത്തെളിച്ചുകൊണ്ടൊരു നിതംബമങ്ങനെ കടന്നുപോകുന്നു' എന്ന സൗന്ദര്യദർശനമായും ഉത്തരാധുനികതയിൽ നിറഞ്ഞുനിൽക്കുന്നത്.

ആധുനികത സാഹിത്യത്തിലേയ്ക്കാനയിച്ച എല്ലാ ക്ഷുദ്രതകൾക്കും ന്യായീകരണം കണ്ടെത്തുന്നതിലും അതു പ്രചരിപ്പിക്കുന്നതിലും ആധുനികർ ബദ്ധശ്രദ്ധരായിരുന്നു. ഗദ്യത്തിലും പദ്യത്തിലും കടന്നുവന്ന ഇത്തരം പ്രയോഗങ്ങളെ എം.മുകുന്ദൻ ന്യായീകരിക്കുന്നത് ഇപ്രകാരമാണ്. "ആധുനിക സാഹിത്യം അധമ സാഹിത്യമല്ല; ആർത്തവരക്തം പോലുള്ള വാക്കുകൾ ആധുനിക സാഹിത്യകാരന്മാർ നിർല്ലോഭം ഉപയോഗിക്കുന്നുവെങ്കിൽ അത് അത്തരം വാക്കുകളോടുള്ള മമത കൊണ്ടുമല്ല. മറിച്ച് അവിഹിത *(Inhibition)* വാദികളെ ഞെട്ടിക്കാൻ വേണ്ടിയാണ്. അവരുടെ കണ്ണുകളിലെ തിമിരം നിർമ്മാർജ്ജനം ചെയ്യുവാനുള്ള ഒരു ആയുധമായിരുന്നു ആധുനിക സാഹിത്യകാരന്റെ കൈയിൽ ലൈംഗികത." *(പുറം: 108; 99)* ലൈംഗികത ആയുധമല്ലെന്നും അത് ആനന്ദോപാധിയാണെന്നുമുള്ള തിരിച്ചറിവെങ്കിലും ഏറെ പഴികേട്ട മണിപ്രവാളത്തിനുണ്ടായിരുന്നു. ആധുനികർക്ക് ആ തിരിച്ചറിവുപോലും ഉണ്ടായില്ല.

"സൗവർണ്ണകിങ്ങിണി കിലുങ്ങെ മുദാ കമിണ്ണാ -
ളാരോമലമ്പൊടു ചിരിച്ചുചിരിച്ച കാണ്ഡേ
മേലിൽ തിരണ്ടുപുരുഷായിത സൂത്രധാരാ -
ശ്രീമത് പ്രവേശമിവ കോമളഗാത്രവല്ലീ".

എന്ന ചന്ദ്രോത്സവ ശ്ലോകത്തെ അക്കാലത്തെ നിരൂപകർ ഉത്തമമെന്നു വാഴ്ത്തിയാലും ഇല്ലെങ്കിലും പില്ക്കാല പഠിതാക്കൾ അതിലെ മനുഷ്യത്വമില്ലായ്മ തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ ആധുനികതയുടെ ലിംഗാഗ്രത്തിലെ ചോരയെ ഇതപര്യന്തം വാഴ്ത്തുകയാണ് നമ്മുടെ അക്കാദമിക രംഗത്തെ ആണധികാരം ചെയ്തത്. "അയ്യപ്പപ്പണിക്കരുടെ ലൈംഗികസൂചനകൾ സാഹിത്യത്തിലെ സൗന്ദര്യാത്മതയിലൂടെ ഉദാത്തവല്കരിക്കപ്പെട്ടവയാണ്" *(പുറം. 10: 1999)* എന്നാണു സാമുവൽ കാട്ടുകല്ലിൽ പറയുന്നത്. ഉദാത്തമാകുന്നതെങ്ങനെ എന്നുമാത്രം മനസ്സിലാവുന്നില്ല. ഇത്തരം പഠനങ്ങൾ കണ്ടുപിടിച്ച ഉദാത്തത പില്കാലകവിതയുടെ അന്തകവിത്തായി മാറുന്ന ചിത്രമാണു നാം കണ്ടുകൊണ്ടിരിക്കുന്നത്.

കുരുക്ഷേത്രം വായനക്കാരനെ അന്ധനായ ധൃതരാഷ്ട്രരാക്കി. കവി സഞ്ജയനും. വായനക്കാരൻ അന്ധനാണ്. കവി മാത്രം പരിപൂർണ്ണനും സർവ്വജ്ഞനും എന്ന ഈ അധികാരമദം ആധുനികതയുടെ മറ്റൊരു സംഭാവനയാണ്. ആസ്വാദകനെ അന്ധനാക്കിക്കൊണ്ട് സഞ്ജയവീക്ഷണത്തിലെ 'കവിത'യെ സ്ഥാപിച്ചെടുക്കുകയായിരുന്നു ആധുനികത ചെയ്തത്. അതിന്റെ പ്രതീകാത്മകത്വം കുരുക്ഷേത്രത്തിനുണ്ട്. ആധുനികതയുടെ വക്താക്കളെല്ലാം കവിതയുടെ രൂപത്തെ സംബന്ധിച്ച് ആവർത്തിക്കുന്ന പാഠമിതാണ്. ആധുനിക കവികൾ തങ്ങളുടെ രചനകളെ ഏതെങ്കിലും കാവ്യമാതൃകയിൽ ഒതുക്കി നിർത്താതെ പുതിയ രൂപങ്ങളാക്കിത്തീർത്തു. അവയിൽ പരമ്പരാഗത രൂപമാതൃകകളുടെ സ്വാധീനം വേണ്ടുവോളമുണ്ട്. ഇത്തരത്തിലുള്ള ക്ഷതരൂപങ്ങളുടെ നിർമ്മിതിയിൽ മത്സരിച്ചവരാണ് സച്ചിദാനന്ദനും കെ.ജി.ശങ്കരപ്പിള്ളയും കക്കാടും ആറ്റൂരുമൊക്കെ. ഇങ്ങനെ വിരൂപമായ 'രൂപ'മാതൃകയാണ് ഉത്തരാധുനിക കവിതയിലേക്കുള്ള പാത തുറന്നത്. എന്നാൽ അയ്യപ്പപ്പണിക്കരും കക്കാടും ആറ്റൂരുമെല്ലാം കവിതയുടെ ഭാഗമായ തങ്ങളുടെ അസ്തിത്വമുറപ്പിച്ചത് മുൻപു സൂചിപ്പിച്ചതുപോലെ പാരമ്പര്യത്തുടർച്ചയായിത്തന്നെ എഴുതിയ കവിതകളിലൂടെയാണ്.

**ഉത്തരാധുനികതയുടെ മാനിഫെസ്റ്റോ**

ഉത്തരാധുനികതയിലെത്തുമ്പോൾ അസ്വസ്ഥത കവിതയായി പടരുകയാണ്. ഈ പ്രസ്ഥാനത്തിന്റേതായി രൂപപ്പെട്ട മാനിഫെസ്റ്റോയിൽ നിന്നും പ്രാതിനിധ്യസ്വഭാവമുള്ള ചില പഠനങ്ങൾ വിശകലനം ചെയ്യാം.

ആധുനികതയുടെ കാലത്തു സംഭവിച്ചതിൽ നിന്നു വ്യത്യസ്തമായ ഒരു വിച്ഛേദം കഴിഞ്ഞ ഒരു ദശകത്തിലേറെയായി മലയാളകവിതയിൽ സംഭവിക്കുന്നുണ്ട് എന്ന ആമുഖത്തോടുകൂടിയാണ് എൻ. പ്രഭാകരൻ 'മൗനത്തിന്റെ മുഴക്കങ്ങൾ' അവതരിപ്പിക്കാൻ പാടുപെടുന്നത്. കവിതയിലെ ഭാരങ്ങളെല്ലാം ഒഴിഞ്ഞുപോയെന്നതാണ് പ്രഭാകരൻ സൂചിപ്പിക്കുന്ന വലിയ കാര്യം. "കഥയെയും നോവലിനെയും അപേക്ഷിച്ച് ഭൂതകാലഭാരങ്ങൾ ഏറെയായിരുന്നു കവിതയിൽ. പാരമ്പര്യമുദ്രയുള്ള പ്രയോഗങ്ങളുടെ സമൃദ്ധി, ആഢ്യസംസ്കാരത്തെ രൂപപ്പെടു

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ത്തിയ ആശയങ്ങളോടും ആദ്ധ്യാത്മിക ചിഹ്നങ്ങളോടുമുള്ള അതിയായ വിധേയത്വം, സംഗീതാത്മകത്വം തുടങ്ങിയവയാണ് നമ്മുടെ സാമാന്യബോധത്തിൽ കവിതയുടെ ലക്ഷണങ്ങളായിത്തീരുന്നത് . . . കാവ്യോചിതമല്ലാത്ത പദങ്ങളും സൂചകങ്ങളും മുഹൂർത്തങ്ങളും കവിതയിലേക്കു കടന്നുവന്ന് കവിതയുടെ സ്വത്വത്തെക്കുറിച്ചുള്ള സങ്കല്പങ്ങളിൽ വലിയ വിച്ഛേദങ്ങൾ സാധിക്കുന്ന പുതുകവിതകൾ പലതുമുണ്ട്. . . . . ചടുലമായ രാഷ്ട്രീയ ചലനങ്ങളുടെ *(ചിലപ്പോൾ അവ പരോക്ഷമാകാം)* സന്ദർഭത്തിൽ കവിത ധ്വനിഭംഗികളുടെ വളഞ്ഞ വഴിയിലേക്കു പ്രവേശിക്കാതെ വാർത്തകളുടെയും പ്രസ്താവനകളുടെയും നേർരൂപം സ്വീകരിക്കാറുണ്ട്" *(പുറം: 11, 12, 14; 2005, 99)* ഇങ്ങനെ നീണ്ടുപോകുന്നു പ്രഭാകരൻ അവതരിപ്പിക്കുന്ന പുതുകവിതയുടെ മാനിഫെസ്റ്റോ.

കഥക്കും നോവലിനും ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമേ ഉള്ളൂ എന്നും അതുകൊണ്ടു പാരമ്പര്യത്തിന്റെ ഭാരം താരതമ്യേന കുറവാണെന്നും മനസ്സിലാക്കാനുള്ള സാമാന്യബുദ്ധി പ്രഭാകരൻ കാണിക്കുന്നില്ല. ഈ രണ്ടു സാഹിത്യരൂപങ്ങൾക്കും പാരമ്പര്യം കുറവായതുകൊണ്ട് കവിത അതിന്റെ പല നൂറ്റാണ്ടുകളുടെ ദീർഘപാരമ്പര്യത്തെ ത്യജിക്കണം എന്നു പറയുന്നതിലെന്തർത്ഥം ? കവിത എന്തിനാണു വാർത്തകളുടെയും പ്രസ്താവനകളുടെയും രീതി സ്വീകരിക്കുന്നത് ? വാർത്തയും പ്രസ്താവനകളും ഇവിടെ വേണ്ടുവോളം ഉണ്ടല്ലോ ! അവയുടെ ലക്ഷ്യവും കവിതയുടെ ലക്ഷ്യവും രണ്ടാണെന്ന സാമാന്യബോധംപോലും ഈ കവികൾക്കും അതിനു ലക്ഷണം ചമച്ച പ്രഭാകരനും ഇല്ലെന്നതാണു വസ്തുത. പത്രം വായിച്ചോ പ്രസ്താവന വായിച്ചോ ഇന്നുവരെ ആർക്കും കാവ്യാനുഭൂതി ഉണ്ടായിട്ടില്ല.

'സംക്രമണ'വും 'പാണ്ടി'യും എഴുതിയ ആറ്റൂർ പോലും ഈ പുതുമുന്നേറ്റത്തിനു മാതൃകയാവാൻ യോഗ്യനല്ല എന്ന അഭിപ്രായവും പ്രഭാകരനുണ്ട്. 'പുതുമൊഴിവഴികൾ' എന്ന പേരിൽ നവകവിതയുടെ ഒരു പുസ്തകം എഡിറ്റുചെയ്ത ആറ്റൂരിനെക്കുറിച്ച് പ്രഭാകരൻ പറയുന്നതിതാണ്. "ഉദാത്തം, സംക്രമണം എന്നിങ്ങനെയുള്ള ചുരുക്കം ചില കവിതകളിലൊഴിച്ച് മറ്റെങ്ങും ആറ്റൂർ എന്ന കവി സാമൂഹ്യമായ ഉണർവ്വുകളോ ഉത്കണ്ഠകളോ കാലോചിതമായ ചൈതന്യത്തോടെ ഉൾക്കൊണ്ടതിന്റെ ലക്ഷണങ്ങളില്ല. കേരളീയ സമൂഹത്തിൽ ആധുനികതയ്ക്കുശേഷമുണ്ടായ പല തിരിച്ചറിവുകളും ആറ്റൂർ കവിതയ്ക്കു മിക്കവാറും അന്യമാണ്. സ്ത്രീവാദത്തെയോ കീഴാളപക്ഷാധിഷ്ഠിതമായ രാഷ്ട്രീയ നിലപാടുകളെയോ അംഗീകരിക്കാത്തവർപോലും ഈ പുതിയ അഭിവ്യക്തികളുടെ ചൂടും വെളിച്ചവും തങ്ങളുടെ ബൗദ്ധിക ജീവിതത്തിൽ ഏറ്റുവാങ്ങുന്നുണ്ട്. ആറ്റൂർ എന്ന കവി പക്ഷേ ഇപ്പോഴും കവിതയിൽ സവർണ്ണമായ വൃത്തിയും വെടിപ്പും ഒതുക്കവും സൂക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള കവിയെ മാതൃകയാക്കിക്കൊണ്ട് സമകാലിക ജീവിതം ആവശ്യപ്പെടുന്ന കാവ്യഘടനകളിലേക്കു വന്നെത്താൻ ഒരു പുതുകവിക്കു കഴിയുമെന്നു തോന്നുന്നില്ല." *(പുറം 19, 2005)* ഇത് കവിത കൈകാര്യം ചെയ്യുന്ന സമാനർക്കെല്ലാം നേരെയുള്ള ആക്ഷേപമാണ്. ആറ്റൂർപോലും പുതുകവികൾക്കു മാതൃകയല്ല, അപ്പോൾ അതിനുമുമ്പുള്ള നൂറ്റാണ്ടുകളുടെ കഥ പറയാനുണ്ടോ ? ഇത്തരത്തിൽ പാരമ്പര്യനിഷേധിയായ പ്രഭാകരനെന്തിനാണു പുതുകവിതാചർച്ചയിൽ 'അഭിവ്യക്തി'പോലെ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ചിന്തയുടെ ഉൽപ്പന്നങ്ങൾ തിരുകുന്നത്. ഈ വിധത്തിൽ മഹത്തായൊരു കാവ്യപാരമ്പര്യത്തെ അപ്പാടെ നിഷേധിച്ചുകൊണ്ട് ആഗോളീകരണത്തിന്റെ സാംസ്കാരികാധിനിവേശത്തിന് പാതയൊരുക്കുകയാണ് താനെന്ന് ഈ ബുദ്ധിജീവി അറിഞ്ഞിരുന്നോ ?

ആറ്റൂർ എഡിറ്റുചെയ്ത പുതുകവിതാ സമാഹാരമായ 'പുതുമൊഴിവഴികൾ' എന്ന പുസ്തകത്തിന് 'വിതയുടെയും മുളയുടെയും പുസ്തകം' എന്ന പേരിൽ ആമുഖം രചിച്ചിരിക്കുന്നതു കെ.സി.നാരായണനാണ്. പുതുകവിതയുടെ കാലത്തെ കെ.സി. നാരായണൻ ചരിത്രപരമായി നിർവ്വചിക്കുന്നത്, ആധുനികതയുടെ കലിയടങ്ങിയതിനുശേഷം അഥവാ ബാലചന്ദ്രൻ ചുള്ളിക്കാടിനുശേഷം എഴുതിത്തുടങ്ങിയവരുടെ കാലം എന്നാണ്. ഈ കവിതയുടെ രൂപപരമായ സവിശേഷതകൾ അദ്ദേഹം വിവരിക്കുന്നതിപ്രകാരമാണ്. "വൃത്തങ്ങളെ പൊട്ടിച്ച് പുതിയ ചൊൽവടിവുകൾ നൂറ്റെടുക്കൽ, ഗദ്യശക്തിയെ ഖനിച്ചെടുക്കൽ, ഏറ്റവും ഗൗരവപ്പെട്ടതിനെയെന്നപോലെ ഏറ്റവും ലഘുവായതിനെയും കവിതയിലേക്കു ചേർക്കൽ എന്നിങ്ങനെ ആധുനികതയുടെ ഫലമായി കൈവന്ന ഒട്ടേറെ അനുവദനീയതകളെ സ്വീകരിച്ചുകൊണ്ട് അതിന്റെ അടുത്ത ഘട്ടത്തിലേക്കുപോകാനുള്ള ചില ശ്രമങ്ങളിലേർപ്പെടുന്ന പുതുകവിതയ്ക്ക് തങ്ങൾക്കുമുമ്പുള്ള രണ്ടു പതിറ്റാണ്ടിന്റെ കവിതാചരിത്രം തന്നെ കാവ്യവിഷയമാകുന്നു" എന്നാണ്. *(പുറം 10).* ഉദാഹരണമായി കൊടുത്തിരിക്കുന്ന ടി.പി. രാജീവിന്റെ കവിത നോക്കൂ "അയ്യപ്പപ്പണിക്കർ കവിതയിൽ മയക്കുമരുന്ന് ഒളിച്ചുകടത്തിയതിന് തൂക്കിക്കൊല്ലപ്പെട്ടു; വാക്കിന്റെ കാട്ടിൽ ഒളിവിലിരുന്ന ആറ്റൂർ രവിവർമ്മയുടെ മാറാപ്പിൽ ബോംബുപൊട്ടി, ഇടപ്പള്ളിത്തെരുവിൽ അലഞ്ഞു നടന്ന ബാലചന്ദ്രൻ ചുള്ളിക്കാടിനെ ഒരനാഥബിംബം തട്ടിക്കൊണ്ടുപോയി" *(പുറം 10. 2005)* ഈ ഉദാഹരണം തന്നെ പുതുകവിതയുടെ ദുരന്തം വ്യക്തമാക്കുന്നുണ്ട്. തങ്ങൾക്കു പിന്നിലുള്ള ഇരുപതുവർഷത്തെ കവിതാചരിത്രം മാത്രമേ ഇക്കവികൾക്കറിയൂ. മലയാളകവിതയുടെ തുടക്കം തന്നെ അവർക്ക് ആധുനികതയാണ്. ഇത് കെ.സി. നാരായണൻ തന്നെ ഇപ്രകാരം വെളിപ്പെടുത്തുന്നു. "കവികൾ, സ്വപ്നങ്ങൾ, മുൻപിറപ്പുകൾ ഇവയെല്ലാം ഇല്ലാതായ ഈ ഒഴിഞ്ഞപേജിൽ, ഒരു പുതിയ കാവ്യപാഠം, ഒരു ഒന്നാംപാഠം എഴുതാനാവും കവി ആഗ്രഹിക്കുന്നത്"

ISSN-2455-0736 (Print)
ISSN-2456-4052 (Online)

*(പുറം 10 ; 2005)* മലയാളകവിതയുടെ ചിത്രം ഒരൊഴിഞ്ഞ പേജാണെന്നു പറയാൻ, അല്ലെങ്കിൽ ഒഴിഞ്ഞ പേജാക്കി മാറ്റാൻ ഒരു സാധാരണ പത്രപ്രവർത്തകനായ കെ.സി.നാരായണന് എന്തധികാരമാണുള്ളത്. ആധുനികത നൽകിയ ആന്ധ്യം സ്വീകരിച്ച ഇത്തരം നിരൂപകബുദ്ധികൾ മലയാളകവിതയെ 'മൃഗരൂപങ്ങളാൽ സമൃദ്ധമായ ഒന്നാം പാഠപുസ്തകമാക്കി' വിവരിച്ചപ്പോൾ പ്രമുഖനിരൂപകരും പ്രസിദ്ധകവികളും തങ്ങളുടെ മൗനത്തിലൂടെ കവിതയുടെ ശവപ്പെട്ടിയിൽ ആണിയടിച്ചുറപ്പിച്ചു. ആധുനികതയുടെ കാലംമുതൽ മലയാളകവിതയ്ക്കുമേൽ അരങ്ങേറിയ ഈ കൈയേറ്റങ്ങളെ നമ്മുടെ ലബ്ധപ്രതിഷ്ഠരായ കവികളും തലമുതിർന്ന നിരൂപകരും നിസ്സംഗ തയോടെ നോക്കിയിരുന്നത് എന്തുകൊണ്ടാവും? ഇവർ മറുപടി അർഹിക്കുന്നില്ലെന്ന നിസ്സാരതാ ഭാവമായിരുന്നോ? അതോ ഇവരെ പ്രതിരോധിച്ചാൽ തങ്ങളെ സെൻസിബിലിറ്റി ഇല്ലാത്തവരായി ഈ അക്കാദമിക് ബുദ്ധിജീവി വർഗ്ഗം ചിത്രീകരിക്കുമെന്നു ഭയന്നിട്ടോ? എന്തായാലും ആധുനികതയുടെയും ഉത്തരാധുനികതയുടെയും ഉപജാപകസംഘത്തിന്റെ സൈദ്ധാന്തികാധിനിവേശം പ്രതിരോധങ്ങളില്ലാതെ തന്നെ മുന്നേറി.

ഉത്തരാധുനികതയിലെ എണ്ണമറ്റ കവിതയെഴുത്തുകാരെ പരാമർശിക്കാൻ സാധിക്കില്ല. ഇത്തരം സൈദ്ധാന്തികരുടെ പരിലാളനങ്ങളേറ്റ് പാഠപുസ്തകങ്ങളിലൊക്കെ പ്രത്യക്ഷപ്പെടുന്ന പ്രതിനിധികളുടെ കവിതകളേ സൂചിപ്പിക്കാൻ നിവൃത്തിയുള്ളൂ.

പി. രാമന്റെ കവിതയെക്കുറിച്ച് കെ.സി. നാരായണൻ ഇപ്രകാരമാണു പറയുന്നത്. "പൂർവ്വഭാരങ്ങളില്ലാത്തതിന്റെ തൂവൽക്കന ഭംഗിയാണു പി.രാമന്റെ കവിതകൾക്കുള്ളത്. ഇല്ലാത്ത കനമാണ് അവയുടെ ഉൾക്കനം". *(പുറം 14; 2005).* ഒരു ഉദാഹരണമിതാ 'അമ്മ'

എന്റെ / കുടത്തിൽ / നിറയാൻ
/പുഴയ്ക്കൊരു / പുഞ്ചിരി മാത്രം / മതി.

ഇതിനൊക്കെ ഇല്ലാത്ത ഉൾക്കനമുണ്ടാക്കാൻ നടത്തുന്ന ശ്രമങ്ങളുടെ തുടർച്ച എൻ. പ്രഭാകരനിലുണ്ട്. പ്രതികവിതയെക്കുറിച്ചുള്ള ചർച്ചയിൽ പ്രഭാകരൻ എഴുതുന്നു. "പാരമ്പര്യത്തിന്റെ ഭാരം കൊണ്ടു ഞെരുങ്ങുന്ന സാഹിത്യമാധ്യമമാണു കവിത" *(പുറം: 36, 99)* കവിത എന്ന മാധ്യമത്തിനുമേൽ ചില വരേണ്യധാരകൾക്കു പിടിമുറുക്കമുണ്ട്. "പ്രതികവിത വരേണ്യധാരയെ ആക്രമിച്ചു മുറിവേൽപ്പിക്കുന്നു. വരേണ്യനിലപാടുകൾ മാതൃകാകാവ്യങ്ങളായി കൊണ്ടാടുന്നവയെ പരിഹസിക്കുന്നു; കാവ്യശൈലിക്കു ഹാസ്യാനുകരണം തീർക്കുന്നു. ഉള്ളടക്കത്തിന്റെ ഉദാത്തതയ്ക്കുനേരെ വർത്തമാനകാല ജീവിതത്തിലെ ക്ഷുദ്രതകൾ ഉയർത്തിക്കാണിച്ചു കൊഞ്ഞനം കാണിക്കുന്നു." കെ.ആർ. ടോണിയുടെ 'അന്ധകാണ്ഡം' എന്ന കവിത ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം ഈ വാദം സ്ഥാപിക്കുന്നത്.

"കുത്തിയിരുന്നങ്ങെഴുതും ദിവസവും
ഞെക്കിപ്പിഴിഞ്ഞുകവിത വരുത്തുവാൻ
ആയിരം വട്ടം സ്ഖലിച്ചിട്ടൊരേദിനം
പിന്നെയും ലിംഗമുണർത്തുവാനെന്നപോൽ".

എന്നു ടോണി കവികർമ്മത്തെ പരിഹസിക്കുന്നു. അയ്യപ്പപ്പണിക്കരിൽ നിന്നും പകർന്നുകിട്ടിയ ഈ ലിംഗാഭിമുഖ്യം വാസ്തവത്തിൽ പ്രതിഭാഹീനരായ കവിയശപ്രാർത്ഥികളുടെ കുടിലശ്രമങ്ങളുടെ രൂപകമായി കാണാനാവും. ആ ക്ഷുദ്രതയെ അതേരീതിയിൽത്തന്നെ കാണാതെ ഉത്കൃഷ്ടകവികർമ്മമായി വിവരിക്കുന്നിടത്താണ് നിരൂപകൻ നികൃഷ്ടജീവിയായി പരിണമിക്കുന്നത്.

ടോണിയുടെ 'ചുവപ്പ്' എന്ന കവിതയിൽ നിന്നുമുള്ള ഭാഗം നോക്കൂ
"അടയ്ക്കവെട്ടി/ കഷണമാക്കി / പൊരികളഞ്ഞു / വായിലിട്ടു.
വെറ്റിലതൻ / കടയൊടിച്ച് / നൂറുതേച്ച് / വായിലിട്ടു.
ഒരു കഷണം / പുകലഞെട്ടി / അണയിലേക്ക് / തിരുകിവച്ചു.

*(ദിശ: പുറം: 261, 2007)*

ഇങ്ങനെ നീളുന്ന വികൃതികൾ കാണുമ്പോൾ കവികർമ്മത്തിന്റെ ദൈന്യത വായനക്കാരനു ബോധ്യപ്പെടും.

**ദലിതകവിത**

'കവിത കഥയാവുകയാണ്' എന്ന ശീർഷകത്തിലാണ് പ്രഭാകരൻ ദലിതകവിതയെ അവതരിപ്പിക്കുന്നത്. കഥ കഥയായിത്തന്നെ ഇവിടുള്ളപ്പോൾ കവിത എന്തിനാണു കഥയാവുന്നതെന്നു മനസ്സിലാവുന്നില്ല. പിന്നെ ദലിതകവിത കഥയായിരിക്കണം എന്നൊക്കെ നിർണ്ണയിക്കേണ്ടതുണ്ടോ ? "അടിത്തട്ടിലുള്ള മനുഷ്യർക്ക് അവർ കാലാകാലമായി അനുഭവിച്ചുവരുന്ന ദുരിതങ്ങളുടെയും സ്വന്തം ജീവിതപരിസരങ്ങളിലെ ദൈനംദിനാനുഭവങ്ങളുടെയും ആഖ്യാനം തന്നെയാണു കവിത... കീഴാള ഭാവനയിൽ അഭൗമമോ അമൂർത്തമോ ആയ ഒന്നുമില്ല" കീഴാളരുടെ ഭാവനയ്ക്കുപോലും ഇങ്ങനെ അതിരു കല്പിക്കുന്നതിനേക്കാൾ വലിയ ദലിത് വിരുദ്ധതയുണ്ടോ ?

ISSN-2455-0736 (Print)
ISSN-2456-4052 (Online)

എസ്. ജോസഫ്, എം.ബി. മനോജ്, മോഹനകൃഷ്ണൻ കാലടി തുടങ്ങിയവരുടെ കവിതയാണ് യഥാർത്ഥ ദലിത്കവിതയെന്നും അതിൽ അഭൗമമോ അമൂർത്തമോ ആയ ഒന്നുമില്ലെന്നും പ്രഭാകരൻ ലക്ഷണനിർവ്വചനം സാധിച്ചിരിക്കുന്നു. ഈ നിർവ്വചനത്തെ പിൻപറ്റാൻ ഇനിയിവർ ബാദ്ധ്യസ്ഥരാണ്.

കവിതയുടെ ചരിത്രത്തെയും സ്വത്വത്തെയും പൂർണ്ണമായി തിരസ്കരിക്കുന്നവർക്കേ ഈ പ്രഭാകരമതം സ്വീകരിക്കാനാവൂ. ഇരുപതു വർഷത്തെ കാവ്യചരിത്രം നെഞ്ചോട് ചേർത്ത് അക്കാദമിക ജീവിതത്തിന്റെ സൗകര്യങ്ങളാസ്വദിച്ച് മറ്റൊന്നും ചിന്തിക്കാതെ ദലിതകവിതയുടെ ലക്ഷണമൊപ്പിക്കാൻ മിനക്കെടുന്നവർ കവിതയുടെ പൂർവ്വചരിത്രം ഒന്നു ശ്രദ്ധിച്ചാൽ നന്നായിരിക്കും. ആദികവിയെന്നു വിളിക്കപ്പെടുന്ന വാല്മീകി കാട്ടാളനായിരുന്നു. ലോകോത്തര ഇതിഹാസമായ മഹാഭാരതത്തിന്റെ കർത്താവ് കൃഷ്ണദ്വൈപായനൻ മുക്കുവനാണ്. അദ്ദേഹം 'ജയം' എന്ന പേരിൽ എണ്ണൂറോളം ശ്ലോകങ്ങളിലൊതുങ്ങി പ്രചരിച്ചിരുന്ന കഥയെ ഒന്നേകാൽ ലക്ഷം ശ്ലോകങ്ങളുള്ള ഇതിഹാസമായി വികസിപ്പിച്ചു. വേദങ്ങളെ എഡിറ്റുചെയ്തു. ഇവരിരുവരും ദലിത കീഴാളപാരമ്പര്യത്തിൽ നിന്നുള്ളവർ തന്നെ. ഇവരുടെ ഭാവന സഞ്ചരിക്കാത്ത വഴികളുണ്ടോ ? തമിഴിലെ വിവിധ സംഘങ്ങളിലെ കവികൾ വേദങ്ങളിൽ പരാമർശിക്കുന്ന 'ഉശനസി'നെപ്പോലുള്ളവരൊക്കെ കീഴാള പാരമ്പര്യത്തിൽ നിന്നുള്ളവർ തന്നെ. ദലിതവാദികൾ കവിതാചർച്ചയിൽ ശ്രദ്ധിക്കാതെ പോകുന്നൊരു കാര്യമാണിത്. കവിതയുടെ ജനനവും വളർച്ചയും കീഴാള പാരമ്പര്യത്തിൽ നിന്നുമാണ്. മലയാളത്തിലെ ആദികവി ചീരാമന്റെ ജാതിയറിയില്ല. എങ്കിലും കാവ്യാരംഭത്തിൽ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്'.

"ഊനമറ്റെഴുമി രാമചരിതത്തിലൊരുതെ-
ല്ലൂഴിയിൽ ചെറിയവർക്കറിയുമാറുരചെയ്‌വേൻ"

എന്ന്. ഊഴിയിലൊരു ഉന്നതൻ ചെറിയവർക്കു ചെയ്യുന്ന സേവനമാവില്ലല്ലോ അത്. രാമകഥപ്പാട്ട് എഴുതിയ കോവളം കവികളും കണ്ണശ്ശന്മാരും എഴുത്തച്ഛനുമൊന്നും ബ്രാഹ്മണക്ഷത്രിയ പാരമ്പര്യത്തിന്റെ തുടർച്ചയല്ല. ആയിരുന്നുവെങ്കിൽ ഇവർക്കൊന്നും കാവ്യാരംഭത്തിൽ ബ്രാഹ്മണരുടെ അനുഗ്രഹവും ആശിസും പ്രാർത്ഥിക്കേണ്ടിവരില്ലായിരുന്നു. കാല്പനികതയിലെ ഉദയതാരമായ ആശാൻ കീഴാളനാണ്. നവോത്ഥാനത്തിന്റെ ശുക്രനക്ഷത്രമായ ശ്രീനാരായണഗുരു തന്റെ ഉപദേശങ്ങളെല്ലാം നമുക്കു പകർന്നതു കവിതയിലൂടെയാണ്. പ്രൗഢസംസ്കൃതവും തനിമലയാളവും തമിഴും ഓരോ ഭാവത്തിനിണങ്ങുംവിധമുള്ള താളത്തിലും വൃത്തത്തിലും വിന്യസിച്ച അസാമാന്യ പ്രതിഭ. അസാധാരണനായ കവി കൂടിയാണ്. ഈ ആദികവികൾ അക്ഷരക്രമവും താളക്രമവുമൊക്കെ സ്വീകരിച്ചത് തങ്ങളുടെ ജീവിതപരിസരത്തുനിന്നും പാരമ്പര്യത്തിൽ നിന്നും ആണ്. അത് വിവിധതൊഴിലുകളിലൂടെ പ്രകൃതിയും മനുഷ്യരുമായി രൂപീകരിച്ച വിനിമയവിശുദ്ധിയുടെ വർണ്ണാതീതമായ ആവിഷ്കാരമാണ്. വാസ്തവത്തിൽ കാലപ്രവാഹത്തിൽ ദലിതന് അല്പാല്പമായി കവിത കൈമോശം വരികയായിരുന്നു. പുതിയകാലത്തിലെ ദലിത് സ്വത്വാന്വേഷികളുടെ മാർഗ്ഗം കവിതയാണെങ്കിൽ അവർ ആദ്യം ചെയ്യേണ്ടത് കൈവിട്ടുപോയ ആ പാരമ്പര്യത്തെ പുനരാനയിക്കുകയാണ്. പൂർവ്വികരായ ആ മഹാകവികൾ സൃഷ്ടിച്ച അക്ഷരക്രമത്തെയും താളസാധ്യതകളെയും തങ്ങളുടെ ആവിഷ്കാരങ്ങളിലേക്ക് ആവാഹിക്കുകയാണ് ചാറ്റുപാട്ടിന്റെയും കാലാവൂട്ടിന്റെയും മറയുന്ന ഈണങ്ങളെ ചേർത്തുനിർത്തുകയാണ്. അതല്ലാതെ പടിഞ്ഞാറൻ ആധുനികതയിലെ 'തരിശുനില'ത്തിന്റെയും സമാനരചനകളുടെയും മൂന്നാംകിട ഭാഷാനുകരണങ്ങളെ മലയാളകവിതയുടെ ഉത്തമമാതൃകയായി സ്വീകരിച്ച് അതിനേക്കാൾ നാലാംകിടയായ ഗദ്യമെഴുതുകയല്ല. 'ചങ്ങമ്പുഴച്ചേറു' കഴുകിക്കളയാനാണ് ആധുനികർ ശ്രമിച്ചത്. ചേറിനെ ഒഴിവാക്കുന്ന സംസ്കാരം മലയാളിത്തത്തിന്റെ അന്ത്യമാണെന്ന തിരിച്ചറിവ് അവർക്കില്ലാതെപോയി.

**ജനകീയത എന്ന പൊള്ളത്തരം**

ഉത്തരാധുനികതയിൽ കവിത ജീവിതത്തോടടുത്തു, ജനകീയമായി എന്നതാണ് മറ്റൊരു വാദം. എന്താണീ ജനകീയത ? കവിതയെന്ന ലേബലിൽ എന്തൊക്കെയോ കുറിക്കുന്നവരുടെ എണ്ണപ്പെരുക്കമാണോ കവിതയിലെ ജനകീയത. ഇവരിലൊരാളുടെയും ഒരു വരിപോലും ആരും മൂളി നടക്കുന്നത് കേട്ടിട്ടില്ല. എന്നാൽ ജനത്തിൽ നിന്നകന്നു ദന്തഗോപുരങ്ങളിലിരുന്നു കവിതയെഴുതിയവരെന്നും മാറ്റൊലിക്കവികളെന്നും പഴഞ്ചന്മാരെന്നും പഴിക്കുന്നവരുടെ കവിതകളിൽ അല്പമെങ്കിലും നമ്മുടെ നാട്ടിലെ മഹാഭൂരിപക്ഷത്തിനും പരിചിതമാണ്. എഴുത്തച്ഛൻ മുതൽ ആധുനികതയ്ക്കു മുമ്പുവരെയുള്ള തലമുറയെ പേരുകേട്ടാൽ കവിയെന്നു മലയാളി തിരിച്ചറിയും. ഏതാനും വരികളോ പ്രഥിതരചനകളുടെ പേരോ ഒക്കെ മനസ്സിലുണ്ട്. അവരുടെ കവിതകൾ ഇന്നും വിറ്റുപോകുന്നുമുണ്ട്. അവ പ്രസിദ്ധീകരിക്കാൻ പ്രസാധകർ തയ്യാറുമാണ്. എന്നാൽ ആധുനികതയ്ക്കു വഴിയൊരുക്കിയ പ്രവാചകസ്വരമായ എം.ഗോവിന്ദനെ എത്രപേർക്കറിയാം.

അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ, കെ.ജി.ശങ്കരപ്പിള്ള, ഡി.വിനയചന്ദ്രൻ, എ. അയ്യപ്പൻ തുടങ്ങിയവരുടെ കവിതകൾ പാഠ്യവസ്തുക്കളായി കാണുമ്പോളല്ലാതെ ആരെങ്കിലും ഓർമ്മിക്കുന്നുണ്ടോ ? യഥാർത്ഥത്തിൽ ആധുനി

കത കൊണ്ടുവന്ന പടിഞ്ഞാറുനോക്കിപ്പരിഷ്കാരങ്ങളിലൂടെ കവിത ജനങ്ങളിൽ നിന്നുമകന്നു. അതിന്റെ മറ്റൊരു കാരണം കവിതയുടെ പരിഗണനാവിഷയങ്ങൾ ജനജീവിതത്തിനു പുറത്തായിരുന്നതുമാണ്. ജീവിതത്തിന്റെ വ്യഥകളും ഉൾക്കാഴ്ചകളും ദാർശനികതയുമൊക്കെച്ചേർന്നു തിടംവച്ച കവിതയാണ് ജനഹൃദയങ്ങളിൽ പ്രതിഷ്ഠ നേടിയത്. എഴുത്തച്ഛൻ, പൂന്താനം, ആശാൻ തുടങ്ങിയവരുടെ ദാർശനികത മുറ്റിയ വരികളാണ് ഏറെ പ്രചാരം നേടിയിട്ടുള്ളത്. ഉത്തരാധുനികരുടെ ഉൾക്കനമില്ലാത്ത കവനങ്ങൾക്ക് ജനമനസ്സിന്റെ ഓരങ്ങളിൽപ്പോലും പ്രവേശനമില്ല. ഈ സത്യത്തെ മറച്ചുവച്ചുകൊണ്ട് വൃത്തവും താളവും ദർശനവും കനവുമെല്ലാം നഷ്ടപ്പെട്ട ക്ഷുദ്ര രചനകൾക്ക് ലക്ഷണമെഴുതുന്ന പത്രാധിപന്മാരും കപടബുദ്ധിജീവികളും തലമുറകളെ വഞ്ചിക്കുകയാണ്.

ഏതുകലയും അവതരിപ്പിക്കുന്നത് അഭ്യസിച്ചതിനുശേഷമാണ്. കവിതയുടെ കാര്യത്തിൽ ആ അഭ്യാസം കാവ്യാനുശീലനമാണ്. അതിലൂടെ പദസമ്പത്തും താളബോധവും ദർശനവുമൊക്കെ ആർജ്ജിച്ചാൽ മാത്രമേ ഏതുപ്രതിഭാധനനും കാലാതിവർത്തിയായ കൃതികൾ രചിക്കാനാവൂ. മലയാളത്തിൽ വന്നുവന്ന് ഒരഭ്യസനവും ആവശ്യമില്ലാത്ത ഒരു ഏർപ്പാടായി കവിതമാറിയിരിക്കുന്നു. അക്ഷരമാല പൂർണ്ണമായറിയാത്തവർ വരെ കവി എന്ന ലേബലിൽ പ്രത്യക്ഷപ്പെടുകയാണ്. ആർക്കും എഴുതാനുള്ള സ്വാതന്ത്ര്യമുണ്ട്. അത് സ്വന്തം ചെലവിൽ അച്ചടിച്ചു വിതരണം ചെയ്യുകയുമാവാം. അതിലൂടെ എഴുത്തുപെരുകട്ടെ. അതിനെ കവിതയെന്നുതന്നെ വിളിക്കണോ ? ഇത്തരം സ്വയംപ്രഖ്യാപിത കവികളുടെ ഒരൊറ്റ പുസ്തകംപോലും രണ്ടാമതൊരു എഡിഷൻ ഇറങ്ങുന്നില്ല. മുപ്പതിനായിരത്തിലേറെ വരുന്ന ഈ ജനക്കൂട്ടം പരസ്പരം സഹായിച്ചു പുസ്തകങ്ങൾ വാങ്ങിയാൽപ്പോലും ഓരോ പുസ്തകവും പല എഡിഷൻ പുറത്തിറക്കാനാവും.

സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള നിരവധി സാധ്യതകളെ പ്രചരണായുധമാക്കുന്നവരാണ് ഈ പുതുമുറക്കാർ. അതിലെ ആദ്യതരംഗം കസെറ്റ് ആയിരുന്നു. താണനിലവാരത്തിലുള്ള കവിതകളെ ആലാപനത്തിലൂടെ പരിചിതമാക്കി പ്രചരിപ്പിക്കുക. പിന്നീടു പയറ്റിത്തെളിഞ്ഞ മറ്റൊരായുധമാണ് സ്വന്തം 'ജാതകം'. അന്തരിച്ച എ.അയ്യപ്പനെ ആദികവിയായി ആദരിക്കുന്ന ഒരു വിഭാഗമാണ് ഇതിന്റെ പ്രയോക്താക്കൾ. വെബ്ബിലും മറ്റും കവിയെക്കുറിച്ചുവരുന്ന കുറിപ്പുകളാണു ഭയങ്കരം. 'ഇതാ ഒരു കവി; കിടപ്പു തെരുവിൽ, നായ്ക്കളാണു കൂട്ട്, ലഹരിയിലാണു ജീവിതം' അതുകൊണ്ട് അയാൾ എഴുതുന്നത് കവിതയാണെന്നും അത് ഉത്കൃഷ്ടകവിതയാണെന്നും സമ്മതിക്കണം. കവിയുടെ തൊഴിൽ, ജന്മസ്ഥലം, മാതാപിതാക്കളുടെ ജീവിതസാഹചര്യം ഇതൊക്കെ കവിത്വമളക്കാനുള്ള മാപിനികളാണ്. എഴുതുന്നയാൾ കളക്ടറായാലും മീൻവില്പനക്കാരനായാലും പത്രപ്രവർത്തകനായാലും കൃഷിക്കാരനായാലും ചായക്കടക്കാരനായാലും അദ്ധ്യാപകനായാലും ഏതു മാതാപിതാക്കൾക്കു ജനിച്ചാലും അയാളുടെ എഴുത്തിനെയാണ് പരിഗണിക്കേണ്ടതെന്ന പരിമിതമായ വിവേകം പോലും സോഷ്യൽ മീഡിയയിലെ ഉപജാപകസംഘങ്ങൾക്കില്ല. എ. അയ്യപ്പന്റെ മരണശേഷം വന്ന കുറിപ്പുകളിലും വിലാപങ്ങളിലുമെല്ലാം അയ്യപ്പന്റെ അരാജകജീവിതം വാഴ്ത്തപ്പെട്ടതല്ലാതെ കാവ്യജീവിതം ആരും വിലയിരുത്തി കണ്ടില്ല.

**പെൺകവിതകളും പരിസ്ഥിതി കവിതകളും**

ആധുനികാനന്തര പെൺകവിതകൾക്കെല്ലാം തന്നെ ഒരേ മുഖമാണ്. പ്രസ്താവനയുടെ മുഖം. സാവിത്രീരാജീവന്റെ 'ചരിവും' 'പ്രതിഷ്ഠ'യും പിൽക്കാലത്തിനു മാർഗ്ഗദർശകമായിരിക്കാം. ആശാലതയും റോസ്മേരിയുമൊക്കെ സ്വീകരിക്കുന്ന മാർഗ്ഗം അതുതന്നെ. സവിശേഷമായൊരു സ്ത്രൈണഭാഷാനിർമ്മിതിയോ പെണ്മയുടെ കൊടിയടയാളമോ ഒന്നും പ്രകടിപ്പിക്കാത്ത നിർജ്ജീവ രചനകൾ.

ഉത്തരാധുനികതയുടെ സാംസ്കാരികാന്തരീക്ഷത്തിൽ ഏറെ കൊണ്ടാടുന്ന സിദ്ധാന്തമാണു പരിസ്ഥിതിവാദം. ഇത് എഴുത്തിലിടം നേടുകയും പ്രകൃതിയുടെ നിലവിളി കവിതയിൽ ഉയരുകയും ചെയ്തു. പക്ഷേ മലയാളകവിതയ്ക്ക് അതിന്റെ പരിസ്ഥിതിയാകെ നഷ്ടമാകുന്നത് ഈ വാദകോലാഹലക്കാരാരും അറിഞ്ഞില്ല. കവിതയുടെ പാരിസ്ഥിതിക നന്മകളെ ആദരിച്ചുകൊണ്ട് പ്രകൃതിക്കായി വിലപിച്ചത് മുൻതലമുറ മാത്രമാണ്. ഒ. എൻ.വി., സുഗതകുമാരി, വിഷ്ണുനാരായണൻ നമ്പൂതിരി തുടങ്ങിയവർ. പുതിയ തലമുറ പ്രകൃതിയുടെ നിലവിളി രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന കരുക്കൾ കവിതയുടെ പ്രകൃതിക്കു നിരക്കാത്തതാണെന്ന് ആരും തിരിച്ചറിയുന്നില്ല.

' അംബ പേരാറേ നീ മാറിപ്പോമോ
ആകുലയാമൊരഴുക്കു ചാലായ് ' -

എന്ന ഇടശ്ശേരിയുടെ ഉത്കണ്ഠ കേരളത്തിലെ പുഴകളുടെ ഭാവിയെനോക്കി മാത്രമായിരുന്നില്ലെന്നു വേണം കരുതാൻ. കവിതയെയും അദ്ദേഹം ദീർഘദർശനം ചെയ്തിരിക്കാം.

തീരങ്ങളെല്ലാം നഷ്ടപ്പെട്ട് ഇരുവശവുമുള്ള കൽക്കെട്ടുകൾക്കു നടുവിലൂടെ ഞെരുങ്ങിയിറങ്ങുന്ന നമ്മുടെ കൊച്ചുനീർച്ചാലുകൾ ഇന്ന് അടുക്കാനാവാത്ത ഇടങ്ങളായി മാറിക്കഴിഞ്ഞു. മഴക്കാലത്തു ചെളിവെള്ളത്തിന്റെ കുത്തൊ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ഴുക്ക്. വേനൽക്കാലത്ത് അഗാധമായി അഴുക്കടിഞ്ഞ കൊതുകുൽപ്പാദനകേന്ദ്രങ്ങളായി അവ നമ്മെ ഭീഷണിപ്പെടുത്തും. നഷ്ടമായ തീരമായിരുന്നു അവയിലേക്കുള്ള സുരക്ഷിതമാർഗ്ഗം. അതിന്റെ സാന്നിധ്യത്തിലായിരുന്നു ചെറുമത്സ്യങ്ങളും ജലജീവികളും പായലും തെളിനീരും ഓരത്തെ ചെറുപൂക്കളും നിറഞ്ഞ ജൈവഖണ്ഡം നമുക്കു കുളിരുപകർന്നത്. സമാനമാണിന്നു കവിതയുടെയും അവസ്ഥ. ചെളിവെള്ളത്തിന്റെ കുത്തൊഴുക്കോ അറപ്പുളവാക്കുന്ന അഴുക്കുചാലുകളോ ആയി കവിതയുടെ നീർച്ചാലുകൾ പരിണമിച്ചിരിക്കുന്നു.

**പർശ്വവല്കൃതർ**

കവിത നേരിടുന്ന ഈ കെടുതികൾക്കിടയിലും കുകവിതയ്ക്കു പ്രതിഷ്ഠ നേടിക്കൊടുക്കാനുള്ള വ്യഗ്രതകൾക്കിടയിലും സ്വച്ഛമായി ഒഴുകുന്ന ചില നീർച്ചാലുകൾ അവശേഷിക്കുന്നുണ്ട്. ഓൾഡ് ഫാഷൻ കവികൾ, ഒ.എൻ.വി. പാരമ്പര്യത്തിന്റെ തുടർച്ച എന്നൊക്കെ നിരവധി ആക്ഷേപങ്ങൾക്ക് ഇരകളാണവർ. ഇവരെ പാഠപുസ്തകങ്ങളിൽ നിന്നും അകറ്റി നിർത്തുന്നതിൽ, കാവ്യസംസ്കൃതിയിൽ കാലഹരണപ്പെട്ടവരെന്നു വരുത്തിത്തീർക്കുന്നതിൽ ഒക്കെ ഏറ്റവുമധികം സംഭാവന നൽകുന്നത് അക്കാദമിക് പണ്ഡിത സമൂഹമാണ്. കാരണം നമ്മുടെ ഉത്തരാധുനിക കവികളിലെ വിവിധ വർഗ്ഗങ്ങളിൽ നല്ലൊരു ശതമാനവും കോളേജ് അദ്ധ്യാപകരാണ്. അവർ കൈയാളുന്ന പാഠപുസ്തക സമിതികൾക്ക് പരസ്പരധാരണയോടെ സ്വന്തം പുസ്തകങ്ങൾ പാഠ്യവിഷയമാക്കാൻ തന്നെ പറ്റുന്നില്ല. മാത്രമല്ല സിലബസിലുൾപ്പെടുകയാണ് ഏറ്റവും ചെലവുകുറഞ്ഞ പ്രചാരണതന്ത്രം എന്ന പാഠം ആധുനികതയിലെ ഗുരുക്കന്മാർ പകർന്നു നൽകിയിട്ടുള്ളതുമാണ്. ഈ രീതി വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള സമിതികൾ സ്വീകരിച്ചു കഴിയുമ്പോഴേക്കും പലത്, ചെറുത്, ചവറ്, ചിലത് തുടങ്ങിയ പേരുകൾക്കുള്ളിലായി അൻവർ അലി മുതൽ വീരാൻകുട്ടിവരെയും പി. രാമൻ മുതൽ എം.ബി. മനോജ് വരെയും നീളുന്ന കവികുലത്തിന്റെ ഉൽപ്പന്നങ്ങൾ പാഠ്യവസ്തുക്കളായി പരിണമിക്കും. ഇതൊക്കെ പഠിപ്പിക്കാനുള്ള മീമാംസാഗ്രന്ഥങ്ങൾ പിന്നാലെ വന്നുകൊള്ളും. ഇത്തരം സൂക്ഷ്മരാഷ്ട്രീയം വശമില്ലാത്തവർ ഒരു നൂറ്റാണ്ടു കാലം ജീവിച്ചിരുന്നു കവിതയെഴുതിയാലും അക്കാദമിക് അന്തരീക്ഷത്തിൽ നിന്നും ബഹിഷ്കൃതരാകും. ഇതിനേറ്റവും നല്ല ഉദാഹരണമാണ് മുപ്പതിലേറെക്കൊല്ലമായി മലയാളകവിതയിലെ സജീവസാന്നിദ്ധ്യമായ പ്രഭാവർമ്മ. ഇടതുരാഷ്ട്രീയത്തിന്റെ വിശ്വസ്തനായിട്ടും പ്രമുഖർ അംഗങ്ങളായ അവാർഡുസമിതികൾ നിർണ്ണയിച്ച നിരവധി പുരസ്കാരങ്ങൾ നേടിയിട്ടും നമ്മുടെ കലാശാലപാഠ്യപദ്ധതികളുടെ പരിസരത്തുപോലും ഈ കവിക്കു പ്രവേശനം സിദ്ധിച്ചിട്ടില്ല. ഇടതുപക്ഷ അദ്ധ്യാപക സംഘടനകളാണ് മിക്കവാറും ബോർഡ് ഓഫ് സ്റ്റഡീസുകളെ നിയന്ത്രിച്ചിരുന്നതെന്ന വസ്തുതയും ചേർത്തു വായിക്കുമ്പോൾ ഈ സൂക്ഷ്മരാഷ്ട്രീയത്തിന്റെ ബലതന്ത്രം വെളിവാകും. സമാനമായ രീതിയിൽ ആധുനികതയുടെ കാലം മുതൽ മുഖ്യധാരാചർച്ചയുടെ ഭാഗമാകാതെ പോകുന്ന ഒരു വിഭാഗമുണ്ട്. അക്കിത്തം, ജി.കുമാരപിള്ള, പാലൂർ, എൻ.കെ.ദേശം, കിളിമാനൂർ രമാകാന്തൻ, തിരുനെല്ലൂർ കരുണാകരൻ, പുനലൂർ ബാലൻ, ഏറ്റുമാനൂർ സോമദാസൻ, വിജയലക്ഷ്മി, യൂസഫലി കേച്ചേരി, വി. മധുസൂദനൻ നായർ, എസ്.രമേശൻ നായർ, കെ.വി. രാമകൃഷ്ണൻ സച്ചിദാനന്ദൻ പുഴങ്കര അങ്ങനെകുറേപ്പേർ. മലയാളകവിതയുടെ തെളിനീരൊഴുക്കുന്ന ഈ കൊച്ചരുവികളെ പ്രണമിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

**സഹായക ഗ്രന്ഥങ്ങൾ**

1. Kristeva Julia, Revalution in Poetic language, tr.leon.S. Roudiez New York.Columbia uty Press,1976
2. രാമചരിതം ,കേരള യൂണി.പ്രസ്സ് 1961
3. വാല്മീകി രാമായണം,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1970
4. ശ്രീമഹാഭാരതം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1976.
5. ഇഘുവംശം, കാളിദാസൻ.
6. കടമ്മനിട്ടയുടെ കവിതകൾ, രാമകൃഷ്ണൻ കടമ്മനിട്ട, ഡിസി ബി. കോട്ടയം 1999
7. കറുത്ത ചിരിയുടെ കവി, സാമുവൽ കാട്ടുകല്ലിൽ, ഡിസി ബി. കോട്ടയം 1999
8. മൗനത്തിന്റെ മുഴക്കങ്ങൾ, പ്രഭാകരൻ എൻ.പ്രഭാത് ബുക്ക് ഹൗസ് .2005
9. പുതുമൊഴിവഴികൾ, (Fun.ആറ്റൂർ രവിവർമ്മ) ഡി.സി.ബ .2002